പോലീസ് വകുപ്പിൽ സബ് ഇൻസ്പെക്ടർ, ആംഡ് പോലീസ് സബ് ഇൻസ്പെക്ടർ (SC/ST വിഭാഗങ്ങൾക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഉൾപ്പെടെ) എക്സൈസ് വകുപ്പിൽ എക്സൈസ് ഇൻസ്പെക്ടർ, ജയിൽ വകുപ്പിൽ അസിസ്റ്റന്റ് ജയിലർ ഗ്രേഡ്- I എന്നീ തസ്തികകൾക്കു വേണ്ടി പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള പൊതുകായികക്ഷമതാ പരീക്ഷ തിരുവനന്തപുരം, കൊല്ലം എറണാകുളം, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽ വെച്ച് 29/12/2014 മുതൽ 1/1/2015 വരെ തീയതികളിലായി നടത്തുന്നതായിരിക്കും.

തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളിലെ ഉദ്യോഗാർത്ഥികൾക്ക് തിരുവനന്തപുരത്തു വെച്ചും, കൊല്ലം, ആലപ്പുഴ ജില്ലകളിലെ ഉദ്യോഗാർത്ഥികൾക്ക് കൊല്ലത്തു വെച്ചും, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ ഉദ്യോഗാർത്ഥികൾക്ക് എറണാകുളത്തു വെച്ചും മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലെ ഉദ്യോഗാർത്ഥികൾക്ക് കോഴിക്കോട് വെച്ചുമാണ് കായികക്ഷമതാ പരീക്ഷ നടത്തുന്നത്. ഉദ്യോഗാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റുകൾ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നതു സംബന്ധിച്ച് ഉദ്യോഗാർത്ഥികൾക്കുള്ള വ്യക്തിഗത അറിയിപ്പ് ഫോൺ സന്ദേശം മുഖേനയും അവരവരുടെ പ്രൊഫൈൽ സന്ദേശം മുഖേനയും ലഭിക്കുന്നതാണ്.